# <u>ഐ.എസ്.ഒ – എം.ആർ.എം</u>

# <u>മിനിട്ട്സ്</u>

മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ 9001–2015 ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2019 മാർച്ച് 20 തിയതി രാവിലെ 10 മണിയക്ക് മാനേജ്മെൻഡറ് റിവ്യു മീറ്റിംഗ് ചേർന്നു.

താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

## 1)മുൻ അവലോകനയോഗത്തിലെ തീരുമാനങ്ങളുടെ തൽസ്ഥിതി അവലോകനം

14/01/2019 ലെ മുൻ മീറ്റിംഗിലെ തീരുമാനങ്ങളുടെ തൽസ്ഥതി അവലോകനം നടത്തി ഓഫീസീൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ചും ഡോക്യുമെന്റേഷനെ കുറിച്ചും ചർച്ച ചെയ്തു.

## 2) ഗുണമേന്മ സംവിധാനത്തെ ബാധിക്കുന്ന ബാഹ്യ ആന്തരിക മാറ്റങ്ങൾ

മൂക്കന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പുതുക്കുന്നതിന്റെ ഭാഗമായി മുമ്പ് ക്രമീകരിച്ചിരുന്ന റെക്കോർഡ് റൂമിലേക്ക് പുതിയ റെക്കോർഡികൾ കൂടി ചേർത്ത് മാറ്റം വരുത്തുന്നതിനും ഓഫീസിലെ വിവിധ ബോർഡുകൾ സ്ഥാപിക്കുന്നതിനും അലങ്കാരമായി പൂച്ചെടികൾ സ്ഥാപിക്കുന്നതിനും തീരുമാനിച്ചു.

## 3)ഗുണമേന്മ സംവിധാനത്തിന്റെ പ്രകടനവും ഫലപ്രാപ്തിയും സംബന്ധിച്ച വിവരങ്ങൾ

### എ)പൊതുജന സംതൃപ്തി വിലയിരുത്തൽ

പൊതുജനങ്ങൾക്ക് മികച്ച സേവനം ലഭ്യമായക്കുന്നതിനായി കുറഞ്ഞ സമയത്തിനുള്ളിൽ ഫയലുകൾ തീർപ്പാക്കുന്നതായി യോഗം വിലയിരുത്തി.

### ബി) ഗുണമേന്മ ലക്ഷ്യങ്ങൾ പുരോഗതി വിലയിരുത്തൽ

നിലവിൽ നികുതി പിരിവ് ഊർജ്ജിതമായി നടക്കുന്നുണ്ട്. പദ്ധതി ചെലവ് മികച്ച രീതിയിൽ പുരോഗമിക്കുന്നുണ്ട്. സാമ്പത്തിക വർഷം അവസാനിക്കുന്നതോടു കൂടി നികുതി പിരിവ് 100 ശതമാനമായും പദ്ധതി ചെലവ് 100 ശതമാനവുമായി മാറ്റുന്നതിന് സാധിക്കുന്നതാണ്.

### സി) വിവിധ പ്രക്രിയകളുടെ ഫലപ്രാപ്തിയും സേവനങ്ങൾ നൽകിയതില് പൊരുത്തക്കേടുകൾ ഉണ്ടോ എന്നുള്ള കാര്യങ്ങളും

ബിൽഡിംഗ് പെർമിറ്റ് , നമ്പറിംഗ് എന്നി ഫയലുകൾ കാലതാമസം കൂടാതെ പൊതുജനങ്ങളുടെ പരാതിയ്ക്ക് ഇടവരുത്താതെ തീർപ്പാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

ഡി) **പൊരുത്തക്കേടുകളും തിരുത്തൽ നടപടിയും.**

എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് ചേർന്ന് അപാകതകൾ പരിഹരിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. കൂടാതെ ക്വാളിറ്റി സർക്കിൾ മീറ്റിംഗും പരിശീലനവും എല്ലാ മാസവും നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചു.

ഇ) **മോണിറ്ററിംഗും അളവെടുപ്പ് ഫലങ്ങളും.**

ടി.ക്യൂ.എം തത്വങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ആയത് മോണിറ്റർ ചെയ്യുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു.

എഫ്) **ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്**

12/12/2018 ലെ ഇന്റേണൽ ഓഡിറ്റ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നോൺ കൺഫോർമിറ്റി പരിഹരക്കാത്തതായി കാണുന്നു. ആയത് അടിയന്തിരമായി പരിഹരിക്കുന്നതിനും മേൽ നോട്ടചുമതല ഹെഡ് ക്ലർക്കിനെ ഏൽപ്പിക്കുന്നതിനും തീരുമാനിച്ചു.

ജി) **ബാഹ്യ ദാതാക്കളുടെ പ്രകടനം**

നിലവിൽ സ്ട്രീറ്റ്ലൈറ്റ് സാമഗ്രികൾ സപ്ലൈ ചെയ്യുന്ന എഡിസൺ ഇലക്ട്രോണിക്സ്, ഓഫീസിലേക്കാവശ്യമായ പ്രിന്റർ, യുപി.എസ് എന്നിവ സപ്ലൈ ചെയ്ത കരാറുകാർ, ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പ് , മേശ,.കസേര എന്നിവ സപ്ളൈ ചെയ്ത കരാറുകാരും മികച്ച നിലവാരം പുലർത്തുന്നതായും വിലയിരുത്തി.

4) **വിഭവങ്ങളുടെ പര്യാപ്തത**

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്തിലെ മുഴുവൻ സഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുവൻ തീരുമാനിച്ചു. ആയതിന് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനും നിർദ്ദേശിച്ചു , കൂടാതെ വസ്തു നികുതി 100 ശതമാനം പിരിച്ചെടുക്കുന്നതിനും നിർദ്ദേശിച്ചു തീരുമാനിച്ചു.

5)**അപകട സാധ്യതകളും അവസരങ്ങളും തടയുന്നതിനുള്ള നടപടികളുടെ ഫലപ്രാപ്തി**

ഗ്രാമപഞ്ചാത്തിൽ സ്ഥാപിച്ചിട്ടുള്ള ഫയർ എക്സ്റ്റിൻഗ്വ്യുഷർ പ്രവർത്തനം സംബന്ധിച്ച് ജനപ്രതിനിധികൾക്കും ജീവനക്കാർക്കും നൽകിയ പരിശീലനം വിലയിരുത്തി.

6) **മെച്ചപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ**

ജീവനക്കാരുടെ കാര്യശേഷി വികസനത്തിന് ഓഫീസ്തല പരിശീലനം കാര്യക്ഷമാക്കുന്നതിനും കില നടത്തുന്ന പരിശീലനങ്ങളിൽ പരമാവധി ജീവനക്കാരെ പങ്കെടുപ്പിക്കുന്നതിനും തീരുമാനിച്ചു. ഘടക സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ച് പരിഹാരം കാണുന്നതിന് തീരുമാനിച്ചു.

7) **ഘടക സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട്.**

ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് കൂടുതൽ തുക അടുത്ത സാമ്പത്തിക വർഷം അനുവദിക്കുന്നതിനും തീരുമാനിച്ചു.